# മണ്ണെണ്ണക്കുപ്പിസംഗമം

ഇപ്പോഴാണ് ശരിക്കും വായിച്ചുനോക്കിയതും ഒന്ന് ശ്രമിച്ചുനോക്കാമെന്ന കരുതിയതും. ഉത്തരം വളരെ പെട്ടെന്ന തന്നെ കിട്ടി. പക്ഷേ ഭംഗിയായി വിശദീകരിച്ചെഴുതാൻ ഇത്തിരി നേരം പിടിക്കും. എന്തായാലും കൊള്ളാം, നല്ല രസമുള്ള ഒന്ന തന്നെ!
പറഞ്ഞതുപോലെ പല രീതിയിലും ചിന്തിച്ചുനോക്കാം.

എല്ലാ സാദ്ധ്യതകളും വെച്ചുനോക്കി പറ്റാത്തവ നീക്കിക്കളയുന്ന വഴിയാവട്ടെ ഇത്തവണ. അതായത് നേർവഴി, നേർമൊഴി.

# തന്നിട്ടുള്ള വിവരങ്ങൾ:

1. ആകെ 22 കുപ്പി.
2. ഏറ്റവും അധികം കൊടുത്തയാൾ = ദേവരാഗം
3. ദേവ = കുറു+ വിശ്ശു
4. ദേവന് ഉത്തരം പറയാൻ പറ്റിയില്ല!
5. കുറുമാനും പറ്റിയില്ല!
6. വിശാലനും പറ്റിയില്ല!
7. തറവാടി ഉത്തരം പറഞ്ഞു!
8. കുറുമാൻ ഒട്ടും കുറച്ചില്ല! (അതു നമുക്കേ അറിയൂ)

# രംഗം 1

നാം കടന്നുവരുന്നു:
(ഇത് നമുക്കും ദേവനും കുറുമാനും വിശാലനും തറവാടിയ്ക്കും, എന്തിന്, വല്യമ്മായിക്കുപോലും അറിയാം)

തറവാടിക്ക് എന്തായാലും ഇരട്ടസംഖ്യയേ കിട്ടൂ. കാരണം ദേവകുറുവിശ്ശു ഒരു ഇരട്ടസംഖ്യ ആയിരിക്കണം. ആകെ 22ൽ നിന്ന് ഒരു ഇരട്ട സംഖ്യപോയാൽ ബാക്കിവരുന്നതും ഇരട്ട. അതുകൊണ്ട് തറ = 2,4,6,8,10,....

പക്ഷേ,
ഏറ്റവും വലിയ സംഖ്യ ദേവ ആയതുകൊണ്ട് ദേവ ചുരുങ്ങിയത് 8 ആയിരിക്കണം. 7 ആയിരുന്നെങ്കിൽ ദേവകുറുവിശ്ശു =7 + 7 = 14, തറ = 8. പറ്റില്ല. അതുപോലെ ദേവയ്ക്ക് 10ൽ കൂടുതൽ ആവാൻ പറ്റില്ല. കാരണം 11 ആയിരുന്നെങ്കിൽ ദേവകുറുവിശ്ശു = 22. അപ്പോൾ തറയ്ക്ക് തറവില പോലുമുണ്ടാവില്ല.

അതിനാൽ ദേവ = 8,9,10; അതിനാൽ തറ = 6,4,2

# രംഗം 2

ദേവരാഗം (ശമനതാളം, കൃതി ആത്മഗതം):

എനിക്കു കിട്ടിയത് 8. അതുകൊണ്ട് തറ = 6. അങ്ങനെ വന്നാൽ കുറുവിശ്ശു (1,7),(3,5),(5,3),(7,1) ഇതിൽ ഏതെങ്കിലും വരാം.
ശ്ശെ! ഇതിൽ ഏതായിരിക്കും? അറിയില്ല.

അതുപോലെ തന്നെതന്നെയാവുമായിരുന്നു  ദേവന് 9,10 എന്നിവ കിട്ടിയിരുന്നാലും. പട്ടിക താഴെ.

| ദേവ | തറ | കുറു | വിശ്രു |
|---|---|---|---|
| 8 | 6 | 1 | 7 |
| | | 3 | 5 |
| | | 5 | 3 |
| | | 7 | 1 |
| | | | |
| | | | |

| ദേവ | തറ | കുറു | വിശ്രു |
|---|---|---|---|
| 9 | 4 | 1 | 8 |
| | | 2 | 7 |
| | | 3 | 6 |
| | | 6 | 3 |
| | | 7 | 2 |
| | | 8 | 1 |

| ദേവ | തറ | കുറു | വിശ്രു |
|---|---|---|---|
| 10 | 2 | 1 | 9 |
| | | 3 | 7 |
| | | 4 | 6 |
| | | 6 | 4 |
| | | 7 | 3 |
| | | 9 | 1 |

“ഏതായിരിക്കുമായിരിക്കുമായിരിക്കാം!” - ഒടുവിൽ ദേവൻ കയ്യൊഴിയുന്നു. പാവം!

## രംഗം 3

കുറുമാൻ സ്റ്റേജിന്റെ ഇടതുവശത്തുനിന്നും ഒരു കരിമ്പടവും പുതച്ചുകൊണ്ട് വരുന്നു,
കുറുമാൻ (തലയിൽ മെല്ലെമെല്ലെ തടവിക്കൊണ്ട്):
“ദേവൻ എന്താണു ചിന്തിച്ചിട്ടുണ്ടായിരിക്കുക!“
“ഛെ! ദേവൻ കയ്യൊഴിഞ്ഞെങ്കിൽ അതിനൊരു കാരണമേ ഉണ്ടാവൂ, പ്രശ്നം സീരിയസ്സ് ആണ്!“

ദേവനു കിട്ടാമായിരുന്ന സാദ്ധ്യതകളും കുറുമാനറിയാമായിരുന്ന കുറുവിലയും കൂടി കരിമ്പടത്തിനകത്തു കയറി.
രംഗത്ത് ഇപ്പോൾ മങ്ങിയ നീലവെളിച്ചം മാത്രം! ഒരു മൂലയിൽ ഒരു മണ്ണെണ്ണച്ചിമ്മിനി കണ്ണുചിമ്മീനി.

കോട്ടുവായ്ക്കിടയ്ക്ക് മുൻ നിരയിൽ തറ ടിക്കറ്റിലിരിക്കുന്ന പിള്ളേർ (ആജു, പച്ചാന, പച്ചാളം കൂടാതെ ചക്കാദിത്യൻ തുടങ്ങിയ മറ്റു പച്ചാളം ഗുണ്ടകളും) മണലിൽ ഇങ്ങനെ വരച്ചുവെച്ചു: (കുരുവിലയ്ക്കനുസരിച്ച് ഇപ്പറയുന്ന സാദ്ധ്യതകളിൽ ഒന്നായിരിക്കും കുറുമാൻ നോക്കിയിട്ടുണ്ടാവുക:)

| ദേവ | തറ | കുറു | വിശ്രു |
|---|---|---|---|
| 8 | 6 | 1 | 7 |
| | | | |
| | | 3 | 5 |
| | | | |
| | | 5 | 3 |
| | | | |
| | | 7 | 1 |
| | | | |
| | | | |

| ദേവ | തറ | കുറു | വിശ്രു |
|---|---|---|---|
| 9 | 4 | 1 | 8 |
| | | 2 | 7 |
| | | 3 | 6 |
| | | | |
| | | | |
| | | 6 | 3 |
| | | 7 | 2 |
| | | 8 | 1 |
| | | | |

| ദേവ | തറ | കുറു | വിശ്രു |
|---|---|---|---|
| 10 | 2 | 1 | 9 |
| | | | |
| | | 3 | 7 |
| | | 4 | 6 |
| | | | |
| | | 6 | 4 |
| | | 7 | 3 |
| | | | |
| | | 9 | 1 |

പക്ഷേ ഒടുവിൽ കുറുമാനു മനസ്സിലായി തനിക്കും ഇതു പറയാനാവില്ലെന്ന്. കാരണം കുറു ഇന്നതു വന്നാൽ തന്നെ വിശ്ശുവിനും (ആ വഴിക്ക് ദേവയ്ക്കും) ഒന്നിലധികം വില വരാം!
കുറു നിരാശയോടെ കമ്പിളിക്കു പുറത്തുവന്നു!

ഇപ്പോൾ നമുക്കറിയാം ചില കാര്യങ്ങൾ കൂടി:
കുറുവിനു കിട്ടിയിട്ടുള്ളത് 2,4,5,8,9 ആവാൻ പറ്റില്ല. കാരണം ഇതിലേതു വന്നാലും കുറുമാനുത്തരം പറയാൻ കഴിഞ്ഞേനെ.

എന്നുവെച്ചാൽ കുറു = 1,3,6,7 ഇതിൽ ഏതെങ്കിലും ആയിരിക്കണം!

## രംഗം 4

സ്റ്റേജിന്റെ ഒറ്റ നടുവിൽ ഒരു വലിയ മേശ, അതിന്മേൽ തടിച്ച കണക്കുപുസ്തകങ്ങൾ 12 എണ്ണം. ഒരു വശത്ത് ഒരു ഭണ്ഡാരപ്പെട്ടി. ഭിത്തിയിൽ "മുത്തപ്പൻ ഈ ഭാങ്കിന്റെ ബാഗ്യം" എന്നൊരു ബോർഡു തൂങ്ങുന്നുണ്ട്.
വിശാലൻ തന്റെ വിശാലമായ പുഞ്ചിരിയോടെ ഗോദയിലേക്കു വന്നു കസേരയിലൊരിരി. പോളേട്ടൻ വാൾവെട്ടുക്കുന്ന പോലെ "ദാ, ഇപ്പ ശര്യാക്കിത്തരാം" എന്നു കുതിരവട്ടം ശൈലിയിൽ തന്റെ ചെവിക്കുറ്റിയിൽ നിന്നും പെൻസിൽകഷ്ണം എടുത്തു. ഏളിങ്ങ്ഗ്ലാസ്സെടുത്തു മേശമേൽ വെച്ചു ധ്യാനിച്ചു കവിടി നിരത്തി.

ആദ്യം തന്നെ കുറുമ്പട്ടികയിൽനിന്നും ആവശ്യമില്ലാത്ത വരികളൊക്കെ വെട്ടിക്കളഞ്ഞു. എന്നിട്ട് തനിക്കുമാത്രമറിയാവുന്ന വിശ്ശുസംഖ്യ ഏതു ഭാവത്തിൽ വരുമെന്നു ചേർത്തുപിടിച്ചുനോക്കി.

ഇപ്പോൾ ഗ്രഹനില ഇതിൽ ഏതെങ്കിലും ആയിരിക്കണം: (നമുക്കു കാണാൻ പറ്റില്ല, വിശ്ശു ഏതു രാശിയിലാണാവോ!)

| ദേവ | തറ | കുറു | വിശ്ശു |
|---|---|---|---|
| 8 | 6 | 1 | 7 |
| | | 3 | 5 |
| | | | |
| | | 7 | 1 |

| ദേവ | തറ | കുറു | വിശ്ശു |
|---|---|---|---|
| 9 | 4 | 1 | 8 |
| | | 3 | 6 |
| | | 6 | 3 |
| | | 7 | 2 |

| ദേവ | തറ | കുറു | വിശ്ശു |
|---|---|---|---|
| 10 | 2 | 1 | 9 |
| | | 3 | 7 |
| | | 6 | 4 |
| | | 7 | 3 |

വിശാലഹൃദയം ഒരു ത്രുടിനേരം കുറുമാനെ നോക്കി ഒന്നു കുറുകി. പിന്നെ കാർത്തുവിനെ കണ്ട മലമ്പാമ്പുപോലെ ജെബൽ അലിയുടെ ദിശയിലേക്ക് ഒരു വിക്രം സ്റ്റൈലിൽ അതിശീഘ്രം പാഞ്ഞുപോയി.
എന്നുവെച്ചാൽ വിശ്ശു ഒന്നുകിൽ 3 അല്ലെങ്കിൽ 7. വിശ്ശു 3 ആയിരുന്നെങ്കിൽ കുറു 6 അല്ലെങ്കിൽ 7. വിശ്ശു 7 ആയിരുന്നെങ്കിൽ കുറു 1 അല്ലെങ്കിൽ 3.
ഇനി ഇതു രണ്ടുമല്ലായിരുന്നെങ്കിൽ ( വിശ്ശു = 1,2,4,5,6,8,9) വിശാലനു സുഖമായി ഉത്തരം പറയാൻ കഴിഞ്ഞേനെ!
രക്ഷയില്ല!

# രംഗം 5

(ഔട്ട്ഡോർ)

തറവാടിന്റെ നടുമുറ്റത്തു തെറിച്ചുവന്ന വീണ്ട പന്തിപ്പോൾ! ഇപ്പോൾ തറവാടിക്കും വല്യമ്മായിക്കും പിള്ളേർക്കും നമുക്കും അറിയാം വിശ്ശു 3 / 7 ; കുറു അതിനനുസരിച്ച് 6 / 7 അല്ലെങ്കിൽ 1 / 3. ബാക്കിയുള്ളവരും തഥൈവ.

| ദേവ | തറ | കുറു | വിശ്ശു |
|---|---|---|---|
| 8 | 6 | 1 | 7 |
| | | 3 | 5 |
| | | | |
| | | 7 | 1 |

| ദേവ | തറ | കുറു | വിശ്ശു |
|---|---|---|---|
| 9 | 4 | 1 | 8 |
| | | 3 | 6 |
| | | 6 | 3 |
| | | 7 | 2 |

| ദേവ | തറ | കുറു | വിശ്ശു |
|---|---|---|---|
| 10 | 2 | 1 | 9 |
| | | 3 | 7 |
| | | 6 | 4 |
| | | 7 | 3 |

പക്ഷേങ്കി, നമ്മുടെപോലെ തറയല്ലല്ലോ തറവാടി. എണ്ണിയെണ്ണി മണ്ണെണ്ണ കൊടുത്തതല്ലേ പുള്ളിയും? അതുകൊണ്ട് തറ എന്നാൽ എത്രവരെ പോകാം എന്നറിയാം അദ്ദേഹത്തിന്.

<u>പുതിയ പ്ലാൻ:</u>

| ദേവ | തറ | കുറു | വിശ്ശു |
|---|---|---|---|
| 8 | 6 | 1 | 7 |
| | | | |
| | | | |
| | | | |

| ദേവ | തറ | കുറു | വിശ്ശു |
|---|---|---|---|
| 9 | 4 | | |
| | | | |
| | | 6 | 3 |
| | | | |

| ദേവ | തറ | കുറു | വിശ്ശു |
|---|---|---|---|
| 10 | 2 | | |
| | | 3 | 7 |
| | | | |
| | | 7 | 3 |

അതുകൊണ്ട് തറ വേഗം ശരിയായ ഉത്തരം പറഞ്ഞു!
അതെത്രയാണാവോ!
ദേവതരകുറുവിശ്ശു ക്രമത്തിൽ **ഒന്നുകിൽ** 8-6-1-7 **അല്ലെങ്കിൽ** 9-4-6-3.
തര 2 ആവില്ല. ആയിരുന്നെങ്കിൽ തറവാടിയും ആകെ പിമ്പിരിയടിച്ച് തറ പറ്റിയേനെ. കാരണം കുറു (3/7), വിശ്ശു (3/7) എന്നു രണ്ടു വഴിയ്ക്കു വരാം.

# രംഗം 6

(ഉത്തരസ്വയംവരം)
തര ശരിയ്ക്കും എത്രയാണു പറഞ്ഞത്?

കൊള്ളാം! ഇപ്പോ പുലികൾ നമ്മുടെ അടുത്തേക്കാണു വരുന്നത്! എന്നാൽ ഇപ്പോൾ നമുക്ക് അവസാനത്തെ സ്പെഷൽ ക്ലൂ ഉപയോഗിക്കാം: കുറുവിനൊരു കുറവില്ലല്ലോ!

എന്നു വെച്ചാൽ കുറു 1 അല്ലെങ്കിൽ 6 എന്നതിൽ 1 വരാൻ അത്ര തറയല്ല കുറു. അതുകൊണ്ട് 6 മാത്രമേ പറ്റൂ.

# ച്ചാൽ, ഉത്തരം

ദേവരാഗം കൊടുത്തത് 9 കുപ്പി മണ്ണെണ്ണ; കുറുമാൻ കൊടുത്തത് 6 കുപ്പി.; തറവാടി കുപ്പി 4.; വിശാലൻ 3.

*******